## നീര എന്ന പേരിൽ ആരോഗ്യ പാനീയം ഉല്പാദിപ്പിക്കൽ

**98 (7395)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയുടെ ഓരോ യൂണിറ്റിലും എത്ര നീര ടെക്നീഷ്യൻമാരാണ് ഉള്ളത് ; ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് വരുമാനം ലഭിക്കുന്നത് ;

(ബി) നീരയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയാണ് ;

(സി) കേരകർഷകന് പ്രതിവർഷം നീര ഉൽപ്പാദനംവഴി എത്ര രൂപയാണ് ലഭിക്കുന്നത് ;

(ഡി) നീരയുടെ ഉൽപ്പാദനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനും വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു നീര ടെക്നീഷ്യന് ഒരു ദിവസം ശരാശരി 12 തെങ്ങിൽ നിന്നും നീര ചെത്തിയെടുക്കാൻ സാധിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഒരു ദിവസം 1000 തെങ്ങുകളെങ്കിലും ചെത്താൻ സാധിക്കുന്ന സ്ഥലത്താണ് നീര യൂണിറ്റ് സ്ഥാപിക്കേണ്ടത്. അങ്ങിനെ വരുമ്പോൾ, ഓരോ നീര യൂണിറ്റിനോട് ബന്ധപ്പെട്ട് 83 മുതൽ 90 വരെ നീര ടെക്നീഷ്യൻമാരെ ആവശ്യമായി വരും. തെങ്ങുകളിൽ നിന്നു ലഭിക്കുന്ന നീരയുടെ അളവും, ഒരു അടിസ്ഥാന വേതനവും ബന്ധപ്പെടുന്ന വിധത്തിൽ നീര ടെക്നീഷ്യന്റെ വേതനം നിശ്ചയിക്കുന്നതാവും അഭികാമ്യം.

(ബി) ഒരു തെങ്ങിൽ നിന്നും പ്രതിദിനം ചുരുങ്ങിയത് ഒന്നര ലിറ്റർ നീരയെങ്കിലും ലഭിക്കുന്ന ഉയരം കുറഞ്ഞ തെങ്ങുകൾ മാത്രമേ നീര ഉല്പാദനത്തിനായി തെരഞ്ഞെടുക്കേണ്ടതുള്ളൂ. തുടർച്ചയായി ആറു മാസം നീര ടാപ്പ് ചെയ്താൽ അടുത്ത ആറുമാസം തെങ്ങിന് വിശ്രമം അനുവദിക്കേണ്ടതാണ്. ഇപ്രകാരം 6 മാസത്തേക്ക് ഒരു തെങ്ങിൽ നിന്നും ചുരുങ്ങിയത് 270 ലിറ്റർ നീര ലഭിക്കും.

(സി) കേര കർഷകന് ലഭിക്കുന്ന വരുമാനം എത്ര എന്നത്, എന്തു വിലയ്ക്ക് സംസ്ക്കരിച്ച 'നീര' വിപണനം ചെയ്യാൻ സാധിക്കുന്നു എന്നതിനേയും മറ്റ് ഉല്പാദന സംസ്കരണച്ചെലവുകളേയും ആശ്രയിച്ചിരിക്കുന്നു. 200 മില്ലി 'നീര' 25 രൂപ വിലയ്ക്ക് വില്പന നടത്തുകയാണെങ്കിൽ, കർഷകന് ഒരു മാസം ഒരു തെങ്ങിൽ നിന്ന് 750 മുതൽ 1000 രൂപ വരെ, ആറുമാസക്കാലത്തേക്ക് ആദായം നേടിക്കൊടുക്കാൻ സാധിക്കും എന്നാണ് അനുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്തി നാളികേര നീര ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി, 13-5-2014-ലെ സ.ഉ.(എംഎസ്.) 66/2014/നി.വ. പ്രകാരമാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

**ഹൈടെക് കൃഷിരീതിയുടെ വ്യാപനം**

**99 (7396)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി വിളകളിൽ സമഗ്ര ഉത്പാദന വർദ്ധനവിനായി എന്തെല്ലാം കാര്യങ്ങളാണ് ഹൈടെക് കൃഷിരീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ പ്രസ്തുത കൃഷിരീതി നടത്തിവരുന്നുണ്ട് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് കർഷകർക്ക് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**ഉത്തരം**

(എ) പച്ചക്കറി വിളകളിൽ സമഗ്ര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് കൃഷിയിൽ സംരക്ഷിത കൃഷി, സൂക്ഷ്മ കൃഷി എന്നീ രീതികൾ ഉൾപ്പെടുത്തി അത്യുത്പാദനശേഷിയുള്ള ഹൈബ്രിഡ് വിത്തുകളാണ് കൃഷിക്കായി ഉപയോഗിക്കുന്നത്.

(ബി) സംസ്ഥാനത്ത് നാളിതുവരെ 11.94 ഹെക്ടർ (119463.95 ചതുരശ്ര മീറ്റർ) സ്ഥലത്ത് പോളീഹൗസ് കൃഷി നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം സംസ്ഥാനത്ത് 325 ഏക്കറോളം സ്ഥലത്ത് പ്രിസിഷൻ കൃഷിരീതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്ര മീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി

LIBRARY ARCHIVES Kerala Legislative Assembly